## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1847 11.02.2013 - ൽ മറുപടിയ്ക്ക്

**ക്ഷേമ പെൻഷൻ**

ചോദ്യം

ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യൂ റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്ഷേമ പെൻഷൻകാരുടെ വരുമാനപരിധി, പുനർനിർണ്ണയിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (എ) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | ഇപ്പോഴത്തെ വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | വികലാംഗ പെൻഷൻ, അഗതി (വിധവ)പെൻഷൻ, 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ പദ്ധതികളിലെ ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബവാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയും ആണ്. വാർദ്ധക്യകാല പെൻഷന് ബി.പി.എൽ കുടുംബാംഗങ്ങളിലുള്ളവർക്കാണ് അർഹതയുള്ളത്. |
| (സി) | ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | 80 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള വാർദ്ധക്യകാല പെൻഷൻ 400/- രൂപയിൽ നിന്ന് 900/- രൂപയായും വിധവാ പെൻഷൻ, 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ ക്കുള്ള പെൻഷൻ ഇവ 400/- രൂപയിൽ നിന്ന് 525/- രൂപ യായും 80% നുമേൽ വൈകല്യ മുള്ളവർക്കുള്ള വികലാംഗ പെൻഷൻ 400/- രൂപയിൽ നിന്ന് 700/- രൂപ |

| | | | |
|---|---|---|---|
| | | | യായും മറ്റുള്ളവർ ക്കുള്ള വികലാംഗ പെൻഷൻ 525/- രൂപയായും 01.04.2012 മുതൽ പ്രാബല്യത്തിൽ വർദ്ധി പ്പിച്ചിട്ടുണ്ട്. മറ്റു വിഭാഗങ്ങളിൽ പ്പെട്ടവർക്കുള്ള വാർദ്ധക്യ പെൻഷൻ 400/- രൂപയിൽ നിന്ന് 525/- രൂപയായി വർദ്ധിപ്പി യ്ക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | രോഗികൾക്കുള്ള പെൻഷൻ പദ്ധതിയിൽ വൃക്കരോഗം, ഹൃദ്രോഗം എന്നിവ ഉൾപ്പെടു ത്താത്തതുമൂലം പ്രസ്തുത രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഡയാലിസിസ് വേണ്ടി വരുന്ന വൃക്കരോഗികൾക്കായി പെൻഷൻ പദ്ധതി നടപ്പിലാക്കു ന്നതിന് അനുമതി നൽകി യിട്ടുണ്ട് |

R. Vijayan

സെക്ഷൻ ഓഫീസർ